പത്രക്കുറിപ്പ്
27/10/2017

## എൻയുഎൽഎം: നഗരങ്ങളിൽ 15000 യുവതീയുവാക്കൾക്ക് തൊഴിൽപരിശീലനം നൽകാൻ കുടുംബശ്രീ

തിരുവനന്തപുരം: നഗര പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 15000ത്തോളം യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകാൻ കുടുംബശ്രീ. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ (എൻയുഎൽഎം) ഭാഗമായാണ് തൊഴിൽ പരിശീലനം. കേരളത്തിൽ എൻയുഎൽഎം പദ്ധതി നിർവ്വഹണത്തിനുള്ള നോഡൽ ഏജൻസി കുടുംബശ്രീയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം തുടക്കമിട്ട ഈ പരിശീലന പദ്ധതിയിലേക്ക് 22 പുതിയ പരിശീലന ഏജൻസികൾക്ക് കൂടി വർക്ക് ഓഡർ നൽകി കഴിഞ്ഞു. ഇതോടെ ആകെ 45 ഏജൻസികൾ വഴി കേരളത്തിലെ 93 നഗരങ്ങളിലെ 15000 യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകാൻ കഴിയും. പരിശീലനത്തിനു ശേഷം ശമ്പളാടിസ്ഥാനത്തിലുള്ള തൊഴിലോ സ്വയം തൊഴിലോ കണ്ടെത്തുന്നതിനായി വിദഗ്ധ ഏജൻസികളുടെ സഹായവും കുടുംബശ്രീ ഏർപ്പെടുത്തും. സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 4 ശതമാനം പലിശനിരക്കിൽ വ്യക്തിക്ക് 2 ലക്ഷം രൂപ വരെയും യുവസംരംഭകരുടെ സംഘത്തിന് പത്ത് ലക്ഷം രൂപവരെയും ധനസഹായം നൽകും.

എട്ടാം ക്ലാസ് പൂർത്തിയാക്കിവയർക്ക് മുതൽ ബിരുദ പഠനം കഴിഞ്ഞവർക്ക് വരെ അവരുടെ യോഗ്യതയ്ക്കനുസൃതമായ വ്യത്യസ്തമായ നിരവധി കോഴ്സുകളിൽ ഇതുവഴി പരിശീലനം നൽകുന്നുണ്ട്. മൂന്ന് മാസം മുതൽ എട്ടുമാസം വരെ കാലാവധിയാണ് കോഴ്സുകൾക്കുള്ളത്. എൻസിവിടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിങ്) അല്ലെങ്കിൽ എൻഎസ്ഡിസി (നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) അംഗീകാരമുള്ള കോഴ്സുകളാണിത്. സെന്ററുകളിൽ താമസിച്ച് പരിശീലനം നേടാനുള്ള സൗകര്യവുമുണ്ട്. താമസവും ഭക്ഷണവും സൗജന്യമായിരിക്കും. പരിശീലനാർത്ഥികൾക്ക് അവരുടെ അഭിരുചിക്കിണങ്ങുന്ന കോഴ്സുകൾ പ്രാദേശിക കേന്ദ്രങ്ങളിൽ ലഭ്യമല്ലാത്ത പക്ഷം നഗരങ്ങൾക്ക് പുറത്ത് റസിഡൻഷ്യൽ പരിശീലനത്തിന് പ്രവേശനം നൽകും. അതാത് നഗരസഭകളിലെ ദേശീയ നഗര ഉപജീവന മിഷൻ യൂണിറ്റുമായി ബന്ധപ്പെട്ടാൽ വിശദവിവരങ്ങൾ ലഭിക്കും.

ആരോഗ്യം, വിവരസാങ്കേതിക വിദ്യ, ടെലികോം, ഓട്ടോമോട്ടീവ്, ടൂറിസം, ഫുഡ് പ്രോസസിങ്, അക്കൗണ്ടിങ്, ഇലക്ട്രോണിക്സ്, ആയുർവേദം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലുള്ള കോഴ്സുകളാണ് പരിശീലന പരിപാടിയുടെ ഭാഗമായി നൽകുന്നത്. അനലിസ്റ്റ് സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, അക്കൗണ്ട്സ് അസിസ്റ്റന്റ് യൂസിങ് ടാലി, സി.എൻ.സി ഓപ്പറേറ്റർ, ഡേറ്റ എൻട്രി ഓപ്പറേറ്റർ, മൊബൈൽ ഹാൻഡ്സെറ്റ് റിപ്പയർ എഞ്ചി നീയർ, ഫീൽഡ് എഞ്ചിനീയർ-ഇലക്ട്രോണിക്സ്, അക്കൗണ്ടന്റ്, ലോജിസ്റ്റിക്സ് മാനേജ്മെന്റ് അസോസിയേറ്റ്, ഫീൽഡ് ടെക്നീഷ്യൻ നെറ്റ് വർക്കിങ് ആൻഡ് സ്റ്റോറേജ്, ആനിമേറ്റർ, ഓട്ടോമോട്ടീവ് സർവീസ് ടെക്നീഷ്യൻ, മൾട്ടി ക്യുസിൻ കുക്ക്, ആപ്ലിക്കേഷൻ സെക്യൂരിറ്റി അനലിസ്റ്റ്, ഇലക്ട്രീഷ്യൻ, ഡെന്റൽ സെറാമിക് അസിസ്റ്റന്റ്, സിസിടിവി ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ, സർവേയർ, ജൂനിയർ സോഫ്ട്വെയർ ഡെവലപ്പർ, ആപ്ലി ക്കേഷൻ ഡെവലപ്പർ, ആയുർവേദ സ്പാ തെറാപ്പിസ്റ്റ്, ഫാഷൻ ഡിസൈനർ, കാഡ് ഡിസൈനർ, ഡയറ്റ് അസിസ്റ്റന്റ് തുടങ്ങി 74 വ്യത്യസ്ത കോഴ്സുകളിൽ പരിശീലനം നൽകുന്നു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, എൻടിടിഎഫ്, മോഡൽ എഞ്ചിനീയറിങ് കോളേജ് തൃക്കാക്കര, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് ടെക്നോളജി തുടങ്ങിയ 45 പ്രമുഖ സ്ഥാപനങ്ങൾ കുടുംബശ്രീയ്ക്കൊപ്പം പരിശീലന പങ്കാളികളാകും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ